ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ വായ്പ

19 (1073) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പ്, സ്കൂൾ-കോളേജുകൾ മുഖേന നടപ്പാക്കുന്ന എ.എസ്.എ.പി. (നൈപുണ്യ വികസന പദ്ധതി)-നായി എ.ഡി.ബി. (ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്)യുടെ വായ്പ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര കോടിയുടേതാണ് വായ്പ ; എന്നത്തേക്ക് വായ്പ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ബി) വായ്പ നൽകാമെന്ന് എ.ഡി.ബി.-യുടെ ഉറപ്പ് ലഭിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച് എ.ഡി.ബി.-യുമായി സർക്കാർ പ്രതിനിധികൾ ചർച്ച നടത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(സി) വായ്പയ്ക്കായി എ.ഡി.ബി. മുന്നോട്ടുവയ്ക്കുന്ന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത് സംബന്ധിച്ച് എ.ഡി.ബി.-യുമായി സർക്കാർ എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 100 മില്ല്യൻ ഡോളേഴ്സ് (621 കോടി രൂപ) വായ്പ ലഭിക്കുന്നതാണ്. ഇതിന്റെ ആദ്യഗഡുവായി 20 മില്യൺ ഡോളേഴ്സ് (120 കോടി രൂപ) ഈ വർഷത്തിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്. ഇത് സംബന്ധിച്ച് എ.ഡി.ബി.-യുടെ പ്രതിനിധികളുമായി കേന്ദ്ര സംസ്ഥാന സർക്കാർ പ്രതിനിധികൾ വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എ.ഡി.ബി., അസാപ്പിന്റെ പ്രവർത്തനത്തിനായി വായ്പ നൽകുന്നതിനുള്ള സമ്മതം അറിയിക്കുകയും, തുടർന്ന് കേന്ദ്ര സർക്കാർ എ.ഡി.ബി.-യുമായി വായ്പ കരാറിൽ ഒപ്പു വയ്ക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇതൊരു RBL (Result Bassed Loan) ആണ്. 2018-നുള്ളിൽ 2,30,000 കുട്ടികൾക്ക് ഏതെങ്കിലും ഒരു തൊഴിൽ മേഖലയിൽ നൈപുണ്യം നൽകുക, ഈ കുട്ടികളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുക, 35 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ആരംഭിക്കുക, Skill Development Centre ആയി പ്രവർത്തിക്കുന്ന, സർക്കാർ സ്കൂൾ/കോളേജുകളെ നവീകരിക്കുക, 900 സ്ഥാപനങ്ങളെ അസാപ് പദ്ധതിയിൽ ചേർക്കുക, 2000-ത്തോളം സ്കിൽ ഡവലപ്മെന്റ് എക്സിക്യൂട്ടീവുകളെ കണ്ടെത്തുക തുടങ്ങിയവയാണ് ഇതിന്റെ വ്യവസ്ഥകൾ.

(ഡി) സംസ്ഥാന സർക്കാർ, എ.ഡി.ബി.-യുമായി 27-11-2014-ൽ ഒപ്പുവച്ച പ്രോഗ്രാം എഗ്രിമെന്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly